വന്ദനം യേശുപരാ! നിനക്കെന്നും
വന്ദനം യേശുപരാ?
വന്ദനം ചെയ്യുന്നു നിന്നടിയാർ
തിരു നാമത്തിന്നാദരവായ്

1. ഇന്നു നിൻ സന്നിധിയിൽ
അടിയാർക്കു വന്നു ചേരുവതിന്നായ്
തന്ന നിന്നുന്നതമാം
കൃപയ്ക്കഭിവന്ദനം ചെയ്തീടുന്നേ
-വന്ദനം

2. നിൻ രുധിരമതിനാൽ
പ്രതിഷ്ഠിച്ച ജീവപുതുവഴിയായ്
നിന്നടിയാർക്കു പിതാ-
വിൻ സന്നിധൌ-വന്നീടാമേ സതതം
-വന്ദനം

3. ഇത്ര മഹത്വമുള്ള
പദവിയെ-ഇപ്പുഴുക്കൾക്കരുളാൻ
പാത്രതയേതുമില്ല
നിന്റെ കൃപ-യെത്ര വിചിത്രമഹോ-
വന്ദനം

4. വാനദൂതഗണങ്ങൾ
മനോഹര ഗാനങ്ങളാൽ സതതം
ഊനമെന്യേ പുകഴ്ത്തി
സ്തുതിക്കുന്ന-വാനവനേ നിനക്കു
-വന്ദനം

5. മന്നരിൽ മന്നവൻ നീ
മനുകൂല-ത്തിന്നു രക്ഷാകരൻ നീ
മിന്നും പ്രഭാവമുള്ളോൻ
പിതാവിനു-സന്നിഭൻ നീയല്ലയോ
-വന്ദനം

6. നീയൊഴികെ ഞങ്ങൾക്കു
സുരലോകെ-യാരുള്ളു ജീവനാഥാ
നീയൊഴികെയിഹത്തിൽ
മറ്റാരു-മില്ലാഗ്രഹിപ്പാൻ പരനേ
-വന്ദനം

Vannanam yesu para ninakkennum
Vannanam yesu para
Vannanam chaiyunnu ninnadiyar
Thiru namathinnadaravai

1. Innu nin sannidhiyil
Adiyarku vannu cheruvathinai
Thanna ninnunnathamam
Krupakkabhi vannanam chaithidunnu

2. Nin rudhiramathinal
Prathishticha jeeva puthu vazhiyai
Ninnadiyarku pitha
Vin sannidhou vannidame sathatham

3. Ithra mahatvamulla
Padaviye ippuzhukkalkkarulan
Pathratha yethumilla
Ninte krupa yethra vichithramaho

4. Vanadooda ganangal
Manohara ganangalal sadadom
Oonamennye pukazhthi
Sthuthikkunna vanavane ninakku

5. Mannaril mannavan nee
Manukulathinu rakshakaran nee
Minnum prabhava mullon
Pithavinu sannibhan nee allayo

6. Nee yozhike njangalkku
Suraloke arullu jeevanadha
Neeyozhike ihathil
Mattarumillagrahippan parane